കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാസ്റ്റിക് ഫ്ളെക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (കൈ)നം. **195**/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:**6.11.2014.**

പരാമർശം : **1.** 29.10.2014 ലെ ഇനം 5942-ാം നമ്പരിന്മേലുള്ള മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.
2. 6.11.2014 തീയതിയിലെ സ.ഉ.(കൈ) നം.194/2014/തസ്വഭവ.

**ഉത്തരവ്**

പൊതുസ്ഥലങ്ങളിലും പൊതുവീഥികളുടെ വശങ്ങളിലും പരസ്യാർത്ഥം ഫ്ളക്സ്ബോർഡുകൾ പ്രദർശിപ്പിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതു മൂലം, പ്ലാസ്റ്റിക് മലിനീകരണം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ രൂക്ഷമാകുന്നതായും, പ്ലാസ്റ്റിക് സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജന രംഗത്ത് അപരിഹാര്യമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതായും, സമാന പാരിസ്ഥിതിക/ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാവുന്ന ഫ്ളക്സ് ബോർഡുകളുടെ ഉപയോഗത്തിൽ നിയന്ത്രണം ഉണ്ടാകേണ്ടിയിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വാഹനാപകടങ്ങൾ ഉണ്ടാകുന്നതിനും പൊതു സ്ഥലങ്ങൾ വികൃതമാക്കപ്പെടുന്നതിനും മണ്ണും ജലവും മലിനമാക്കപ്പെടുന്നതിനും കാരണമാകുന്നത് കൂടാതെ കത്തിച്ചു നശിപ്പിക്കുന്ന വേളയിൽ അപകടകരമാംവിധം വായുമലിനീകരണം ഉണ്ടാക്കുന്നതിനും കാരണമാകയാൽ സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കപ്പെടേണ്ടതാണെന്നും, എന്നാൽ വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ളക്സ് ബോർഡുകൾക്ക്, അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യം കൂടി കണക്കിലെടുത്ത് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താതെ ഘട്ടംഘട്ടമായി നിയന്ത്രണം ഏർപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചു.

ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ സ്ഥാപിച്ചവർ എടുത്ത് മാറ്റാതെ അവ അതേപടി ഉപേക്ഷിക്കപ്പെടുന്ന സാഹചര്യത്തിലും വൈദ്യുത പോസ്റ്റുകൾ, തണൽ മരങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്കു മുന്നിലുള്ള ഫ്ളക്സ്ബോർഡുകളുടെ പ്രദർശനങ്ങൾ, ഫ്ളക്സ്ബോർഡുകളുടെ അവശിഷ്ടങ്ങൾ ഓടകളിലും ജലാശയങ്ങളിലും എത്തുന്നതു മൂലമുള്ള പ്രശ്നങ്ങളും, മണ്ണിലലിഞ്ഞു ചേരുന്നതല്ലാത്തതിനാലുള്ള മലിനീകരകണവും,

കത്തിച്ചാൽ വിഷവസ്തുക്കൾ നിർഗ്ഗമിക്കുന്നതും കണക്കിലെടുത്ത് ഫ്ളക്സ് ബോർഡുകളുടെ പ്രദർശനത്തിൽ താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമാനുസൃത അനുമതി കൂടാതെ പരസ്യാവശ്യത്തിനും പ്രചരണത്തിനുമുള്ള ഫ്ളക്സ് ബോർഡുകൾ ഒരു സ്ഥലത്തും പ്രദർശിപ്പിക്കാവുന്നതല്ല. അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പ് അധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ ചടങ്ങുകളിലും, പരസ്യങ്ങളിലും ഫ്ളക്സ്ബോർഡുകൾ പൂർണ്ണമായും നിരോധിക്കും. ഇത് സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

3. പൊതു സ്ഥലങ്ങളിൽ പ്രത്യേക അനുമതി കൂടാതെ ഫ്ളക്സ് ബോർഡുകൾ പ്രദർശിപ്പിക്കുന്നത് കർശനമായി തടയുന്നതാണ്. ട്രാഫിക് തടസ്സം ഉണ്ടാകുന്ന രീതിയിൽ മറ്റുസ്ഥലങ്ങളിൽ ഫ്ളക്സ് ബോർഡുകൾ പ്രദർശിപ്പിക്കാനും അനുമതി നൽകാവുന്നതല്ല.

4. പൊതു നിരത്തിലെ വൈദ്യൂതി കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ, എഴുത്തുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ മെറ്റൽ ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് നഗരസഭ /റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യദാതാക്കളിൽ നിന്ന് നഗരങ്ങളിലെ മാർക്കറ്റ് നിരക്ക് അനുസരിച്ചുള്ള തുക ഈടാക്കിക്കൊണ്ട് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വൈദ്യൂതി കാലുകളുടെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യിൽ തന്നെ നിക്ഷിപ്തമാക്കി അവരുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർ നടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ വിധത്തിൽ പരസ്യങ്ങൾ സ്ഥാപിക്കുവാൻ താൽപര്യമുള്ളവർക്ക് ക്ലീൻ കേരള കമ്പനിയെ നേരിട്ട് സമീപിക്കുന്നതിനും അവരുടെ വ്യവസ്ഥകൾ പ്രകാരം പരസ്യ ബോർഡുകൾ/നോട്ടീസുകൾ എന്നിവ സ്ഥാപിക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കാൻ അനുമതി നൽകുമ്പോൾ അനുവദിക്കപ്പെട്ട കാലാവധി, അപേക്ഷകന്റെ പേര്, ലൈസൻസ് നമ്പർ, എന്നിവ പരസ്യത്തിൽ പ്രദർശിപ്പിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമായ പക്ഷം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

6. ഫ്ളക്സ് ബോർഡുകൾ പ്രദർശിപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവിടെ മാത്രമേ അവ പ്രദർശിപ്പിക്കാൻ അനുമതി നൽകാൻ പാടുള്ളൂ. അനുമതിയില്ലാത്ത മേഖലകളിലും, നിരോധിത മേഖലകളിലും, കാലാവധിക്കു ശേഷവും പ്രദർശിപ്പിക്കുന്ന ഫ്ളക്സ് ബോർഡുകൾ ചട്ടപ്രകാരം നീക്കം ചെയ്യേണ്ടതും വ്യവസ്ഥ ലംഘിച്ചവർക്ക് നിയമാനുസൃത പിഴ ചുമത്തേണ്ടതുമാണ്. ഇത്തരം കേസ്സുകളിൽ പിന്നീട് ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കാൻ അനുമതി നൽകാവുന്നതല്ല.

7. പരസ്യ ഏജൻസികൾ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നവർക്ക്, അനുമതി നൽകുന്ന വേളയിൽ അവർ സ്ഥാപിക്കുന്ന ഫ്ളക്സ് ബോർഡുകൾ പുനരുപയോഗപ്പെടുത്തുന്നതിന് അവ പരസ്യം നൽകിയ സ്ഥാപനങ്ങളെയോ പ്രിന്റ് ചെയ്ത സ്ഥാപനത്തെയോ തിരികെ ഏൽപ്പിക്കാനുള്ള ചുമതല അപേക്ഷകരായ പരസ്യ ഏജൻസിക്ക് വ്യവസ്ഥ ചെയ്ത് നൽകേണ്ടതും, പരസ്യ കാലാവധി കഴിഞ്ഞാലുടൻ അപ്രകാരം ചെയ്യുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

8. മരത്തിന്റെയോ പൈപ്പിന്റെയോ ചട്ടക്കൂട്ടിൽ ഉണ്ടാക്കി റോഡരികുകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫ്ളക്സ് ബോർഡുകളും ബാനറുകളും അനുമതി നൽകുമ്പോൾ തണൽ മരങ്ങളിൽ ആണിയടിച്ച് പ്രദർശിപ്പിക്കാവുന്നതല്ല. കൂടാതെ റോഡ് ഡിവൈഡറുകളിലും, ഡ്രൈവർമാരുടെ കാഴ്ച മറയ്ക്കുന്ന രീതിയിലും പ്രദർശനാനുമതി നൽകരുത്. ഇത് സംബന്ധിച്ച കോടതി വിധിയും നിലവിലുണ്ട്.

9. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന രീതിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഫ്ളക്സ് ബോർഡുകളും ബാനറുകളും മറ്റ് ഫ്ളക്സ് പരസ്യങ്ങളും 2011-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ പ്രകാരം നീക്കം ചെയ്യേണ്ടതാണ്.

10. രാഷ്ട്രീയ പാർട്ടികളും പൊതുജനസംഘടനകളും, ട്രേഡ് യൂണിയനുകളും മറ്റ് സ്ഥാപനങ്ങളും ഫ്ളക്സ് ബാനറുകളും/പരസ്യ/പ്രദർശന വസ്തുക്കളും ഒഴിവാക്കുവാനും മലിനീകരണ നിയന്ത്രണത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാനും അഭ്യർത്ഥിക്കാവുന്നതാണ്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ നിർമ്മാർജ്ജന നടപടികൾക്ക് ഏറ്റവും വലിയ പ്രതിബന്ധം, പ്ലാസ്റ്റിക് മാലിന്യമാകയാലും വലിപ്പക്കൂടുതലുള്ളവയും, കത്തിച്ചാൽ അപകടകരമായ രാസവസ്തുക്കൾ നിർഗ്ഗമിക്കുന്നതുമായ ഫ്ളക്സുകൾ കൂടുതൽ പരിസരമലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നതിനും ഇടയുള്ളതുമാകയാൽ, നിയമാനുസൃതവും പരിസ്ഥിതി സൗഹൃദപരവുമായ പരസ്യ/പ്രചരണ മാർഗ്ഗങ്ങൾ അവലംബിക്കാൻ എല്ലാവരും സന്നദ്ധരാകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ്
ഊർജ്ജവകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ